# മാതാ ന്യൂസ്

## മാതാ എച്ച് എസ് മണ്ണംപേട്ട

നവംബർ,ഡിസംബർ

## 2024-27 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ ഫേസ് 2 യൂണിറ്റ് ക്യാമ്പ്ദിനം



നവംബർ 31 ന് രാവിലെ 10 മണിക്ക് ലിറ്റിൽ കൈറ്റ്സ് 24-27 ബാച്ചിന്റെ ഫേസ് 2 യൂണിറ്റ് ക്യാമ്പ് ആരംഭിച്ചു. ഹെഡ്മാസ്റ്റർ തോമസ് കെ ജെ മാസ്റ്റർ ക്യാമ്പ് ഉൽഘാടനം ചെയ്ത് സംസാരിച്ചു. സി ജെ എം എ എച്ച് എസിലെ സൽമ സൈമൺ ടീച്ചറായിരുന്നു റിസോഴ്സ് പേഴ്സനായി ക്ലാസ്സെടുക്കാൻ വന്നിരുന്നത്. കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച്, കുട്ടികൾക്ക് ഏറെ ഇഷ്ടമുള്ള വിവിധ കാർട്ടൂൺ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള ഗെയിമിങ്ങോടുകൂടിയാണ് ക്യാമ്പ് ആരംഭിച്ചത്. സ്ക്രാച്ച് പ്രോഗ്രാമിങ്ങിൽ ശാസ്ത്രീയമായ തലങ്ങളെ ഫിസിക്സ് 2 ഡി ഉപയോഗിച്ച് ഉൾപ്പെടുത്തികൊ ണ്ടുള്ള ഗെയിം നിർമ്മാണമായിരുന്നു ആദ്യ സെഷനിൽ ഉണ്ടായിരുന്നത്.കുട്ടികൾ വളരെ താല്പര്യത്തോടെ തന്നെ ഈ ഗെയിം നിർമ്മാണത്തിൽ പങ്കാളികളായി. ഉച്ചഭക്ഷണത്തിനു ശേഷം ഓപ്പൺ ടൂൺസ് ഉപയോഗിച്ചുള്ള അനിമേഷൻ നിർമ്മാണമായിരുന്നു. കെ ഡെൻലൈവ് ഉപയോഗിച്ചുള്ള വീഡിയോ എഡിറ്റിങ്ങും തുടർന്ന് നടന്നു. പൂർത്തീകരിക്കാനുള്ള അസൈമെന്റ് കുട്ടികൾക്ക് ക്യാമ്പിൽ നൽകിയിരുന്നു. നാലുമണിയോടെ തന്നെ ക്യാമ്പ് അവസാനിച്ചു.തരുൺ മഹേഷും, ദേവനന്ദയും നന്ദികൾ അർപ്പിച്ച് സംസാരിച്ചു. ക്യാമ്പിൽ നല്ല പ്രകടനം കാഴ്ചവയ്ക്കുകയും, സമയബന്ധിതമായി തന്നെ അസൈമെന്റ് പൂർത്തീകരിക്കുകയും ചെയ്ത തരുൺ മഹേഷ്, ആര്യൻ സി എസ്, ഗോകുൽ സുനിൽ, അനോൺ സണ്ണി എന്നിവർ പ്രോഗ്രാമിംഗ് വിഭാഗത്തിലും, ദേവനന്ദ, അനന്യ, ജിയാന, അന്നാ മരിയ എന്നിവരെ അനിമേഷൻ വിഭാഗത്തിലും സബ്ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## ശിശുദിനാഘോഷം

മാതാ ഹൈസ്ക്കൂൾ മണ്ണംപേട്ടയിലെ ഈ വർഷത്തെ ശിശുദിനാഘോഷം രാവിലത്തെ അസം ബ്ലിയോടെ ആരംഭിച്ചു. പതിവിനു വിപരീതമായി സ്കൂളിലെ അധ്യാപകരാണ് അസംബ്ലിക്കു നേതൃത്വം നൽകിയത്. നിഷ എം.എൽ ടീച്ചറിന്റെ നേതൃത്വത്തിൽ മാഷുമാരും ടീച്ചർമാരും ചേർന്ന് പ്രാർത്ഥനാ ഗാനം ശ്രുതിമധുരമായി ആലപിച്ചു. നിർമൽ മരിയ ടീച്ചർ കുട്ടികൾക്ക് പ്രതി ജ്ഞ ചൊല്ലി കൊടുക്കുകയും ബിൻസി ടീച്ചർ വാർത്ത വായിക്കുകയും ചെയ്തു. ചാച്ചാജി മാരുടെ പ്രതിനിധിയായി എവിൻ സനോയി ചാച്ചാജിയെക്കുറിച്ച് പ്രസംഗിച്ചു. എൽ.പി ക്ലാസിലെ കുട്ടികൾ ചാച്ചാജി ഗാനം മധുരമായി ആലപിച്ചു. എച്ച്. എം തോമസ് മാസ്റ്റർ എല്ലാവർക്കും ശിശുദിനാശംസകൾ നേർന്നു. ചാച്ചാജിയുടെ ഓർമ്മക്കായ് ഇന്ന് ധാരാളം കുട്ടികൾ വെള്ളയും ചുവപ്പും വസ്ത്രങ്ങൾ ധരിച്ചും ചുവന്ന റോസാപ്പൂക്കളുമായി എത്തിയിരുന്നു. പിന്നീട് കുട്ടികളുടെ കളറിംഗ് മത്സരമായിരുന്നു. ധാരാളം ബലൂണു കൾ കൊണ്ടും ചാച്ചാജി ചിത്രങ്ങൾ കൊണ്ടും എൽ.പി. അധ്യാപകർ സ്കൂൾ അലങ്കരിച്ചു. തുടർന്ന് കുട്ടികളുടെ കളിയുത്സവമായിരുന്നു. ബെസ്റ്റി ടീച്ചർ നേതൃത്വം നൽകി. ബെസ്റ്റി ടീച്ചറും, ബിന്ദു സി.എൽ ടീച്ചറും, നിത്യ ടീച്ചറും,ജിജി ടീച്ചറും ബിൻസി ടീച്ചറും ചേർന്ന് സമീപ പ്രദേശങ്ങളിലെ നഴ്സറികളും അംഗൻവാടികളും സന്ദർശിച്ച്



## 2025-28 ലിറ്റിൽ കൈറ്റ്സ് ബാച്ച് അംഗങ്ങളുടെ നേതൃത്വത്തിൽ ഗ്രോ ബാഗ് കൃഷി



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലൂടെ ഐ ടി രംഗത്തെ അറിവുകൾ മാത്രമല്ല, പ്രകൃതിയോട് ഇണങ്ങിചേരുന്ന കൃഷിയെ കുറിച്ചുമുള്ള അറിവുകൾ കൃഷി ചെയ്തു കൊണ്ട് തന്നെ ആർജ്ജിച്ചെടുക്കുവാൻ തയ്യാറായിരിക്കുകയാണ് 2025-28 ലിറ്റിൽ കൈറ്റ്സ് ബാച്ചിലെ അംഗങ്ങൾ. നവംബർ മാസം ആദ്യം തന്നെ ഇതിനു വേണ്ടുന്ന ഒരുക്കങ്ങൾ ഇവർ ചെയ്തുതുടങ്ങിയിരുന്നു. ഗ്രോബാഗിൽ നിറക്കാനുള്ള മണ്ണിൽ നിന്നും പുല്ലും മറ്റും നീക്കം ചെയ്ത് മണ്ണ് ഇളക്കിയിട്ടതു മുതൽ



തൈകൾ നടുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും കുട്ടികൾ വളരെ താല്പര്യത്തോടെയും ഇഷ്ടത്തോടെയുമാണ് പങ്കുച്ചേർന്നത്. ഈ പ്രവർത്തനങ്ങൾക്കെല്ലാം എല്ലാ വിധ പ്രോത്സാഹനങ്ങളും സഹായങ്ങളുമായി ഹെഡ്മാസ്റ്റർ തോമസ്മാഷും, കൈറ്റ് മെന്റെഴ്സും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കൊപ്പമുണ്ടായിരുന്നു.കാലാവസ്ഥക്കനുയോജ്യമായ വിളയാണ് കൃഷിക്കായി തെ രഞ്ഞെടുത്തിട്ടുള്ളത്.വെള്ളവും വളവും നൽകി പച്ചക്കറി തൈകളെ പരിപാലിക്കാനും, ലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണപദ്ധതിയിലേക്ക് നൽകാനുമുള്ള തീരുമാനത്തോടെയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ ഉദ്യമത്തിനായി മുന്നിട്ടിറങ്ങിയിട്ടുള്ളത്.

## ഭിന്ന ശേഷി വാരാഘോഷം

ഭിന്നശേഷി വാരാഘോഷത്തോട അനുബന്ധിച്ച് മാതാ ഹൈസ്ക്കൂളിൽ ഡിസംബർ 1 ന് എൽ. പി. വിഭാഗത്തിന് കളറിംങ്ങ് മത്സരവും യു.പി വിഭാഗത്തിന് ചിത്ര രചനാ മത്സരവും ഹൈസ്ക്കൂൾ വിഭാഗത്തിന് പോസ്റ്റർ മത്സരവും നടത്തി. ധാരാളം കുട്ടികൾ മത്സരത്തിന് പങ്കെടുത്തിരുന്നു. ഫസ്റ്റും സെക്കൻ്റും കിട്ടിയ മത്സരാർത്ഥികളുടെ ചിത്രങ്ങൾ BRC തലത്തിലേയും കൊണ്ട് പോവുകയും ചെയ്തു. ഫസ്റ്റ് സെക്കൻ്റ് തേർഡ് കിട്ടിയ കുട്ടികൾക്ക് സ്ക്കൂൾ തലത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.ഡിസം ബർ 2-ാം തിയ്യതി ഭിന്നശേഷി വാരാഘോ ഷത്തിൻ്റെ ഭാഗമായി അസംബ്ലി നടത്തു കയുണ്ടായി. അഞ്ചാം ക്ലാസ്സിലെ ആദിത്യൻ തൻ്റെ കാഴ്ചക്കുറവിനെ അതിജീവിച്ചു കൊണ്ട് കാണാപാഠം പ്രതിജ്ഞ പഠിച്ച് കുട്ടികൾക്ക് ചൊല്ലി കൊടുത്തു. 9-ാ0 ക്ലാസ്സിലെ ഇൻസ റോസിൻ്റെ ചിത്ര രചനാ